**പതിമൂന്നാം കേരള നിയമസഭ**
**പതിനൊന്നാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത**
**ചോദ്യം നം. 1357** | **13.06.2014 - ൽ മറുപടിക്ക്**

## വിദ്യാഭ്യാസ വായ്പ

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. റ്റി. വി. രാജേഷ് | | ശ്രീ. കെ. സി. ജോസഫ്<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്തെ ബാങ്കുകൾ വഴി എത്ര രൂപയാണ് പരമാവധി വിദ്യാഭ്യാസ വായ്പ അനുവദിക്കുന്നത്; പ്രസ്തുത വായ്പകൾക്ക് എത്ര ശതമാനമാണ് പലിശ ഈടാക്കുന്നത് ; | (എ) | ഇന്ത്യൻ ബാങ്ക്സ് അസോസിയേഷൻ/ കേന്ദ്ര സർക്കാർ അംഗീകരിച്ച മാതൃകാ വിദ്യാഭ്യാസ വായ്പാ പദ്ധതി പ്രകാരം രാജ്യത്തിനകത്തുള്ള പഠനത്തിന് പരമാവധി 10 ലക്ഷം രൂപ വരെയും, വിദേശ രാജ്യങ്ങളിലെ പഠനത്തിന് 20 ലക്ഷം രൂപ വരെയും വിദ്യാഭ്യാസ വായ്പ അനുവദിക്കുന്നുണ്ട്. വായ്പകൾക്ക് പലിശ നിശ്ചയിക്കാനുള്ള അധികാരം അതാത് ബാങ്കുകൾക്ക് റിസർവ്വ് ബാങ്ക് നൽകിയിട്ടുണ്ട്. അതിനാൽ 11% മുതൽ 15% വരെ പലിശ വിവിധ ബാങ്കുകൾ വിദ്യാഭ്യാസ വായ്പകളിൽ ഈടാക്കി വരുന്നു. |

(2)

| | | | |
|---|---|---|---|
| (ബി) | പല ബാങ്കുകളും വിദ്യാഭ്യാസ വായ്പ നൽകുന്നതിൽ പല തടസ്സങ്ങളും ഉന്നയിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (ബി) | ഒറ്റപ്പെട്ട ചില പരാതികൾ ലഭിക്കാറുണ്ട്. ഈ പരാതികൾ അതാത് ബാങ്കിന്റെ അധികാരികളുടെ ശ്രദ്ധയിൽപ്പെടുത്തി വേണ്ട പരിഹാര നടപടികൾ സർക്കാർ സ്വീകരിക്കുന്നുണ്ട്. |
| (സി) | ഉണ്ടെങ്കിൽ ഇത് പരിഹരിക്കുന്നതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ? | (സി) | |

സെക്ഷൻ ഓഫീസർ